# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-122** **28.10.2019-ലെ മറുപടിക്ക്**

**നോർക്ക മുഖേന നേഴ്സ് റിക്രൂട്ട്മെന്റ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിലേക്കുള്ള നേഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) നേഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പുകൾ തടയുന്നതിന് നോർക്ക സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി.) മുഖേന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ എഫ്.എം.റേഡിയോ, പ്രിന്റ് മീഡിയ, ഇലക്ട്രോണിക് മീഡിയ എന്നിവ മുഖേനയും ബോധവൽക്കരണം നടത്തി വരുന്നു. സംസ്ഥാന പോലീസിന്റേയും, തിരുവനന്തപുരത്തുള്ള പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ് (പി.ഒ.ഇ.) ഓഫീസിന്റേയും സഹായത്തോടെ റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും നോർക്ക മുഖേന ഇതിനോടകം എത്ര നേഴ്സുമാരെ റിക്രൂട്ട് ചെയ്ത് അയക്കാൻ സാധിച്ചുവെന്നും ഓരോ രാജ്യത്തേക്കും അയച്ചതിന്റെ കണക്ക് ലഭ്യമാണോ, വിശദാംശം വെളിപ്പെടുത്തുമോ; | (ബി) നോർക്കയുടെ ആഭിമുഖ്യത്തിൽ 2015 മെയ് മാസത്തിന് ശേഷം സൗദി അറേബ്യ, കുവൈറ്റ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ.), ഒമാൻ, യുണൈറ്റഡ് കിംഗ്ഡം (യു.കെ.) എന്നീ രാജ്യങ്ങളിലായി 1112 നേഴ്സുമാരെ അയച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സൗദി അറേബ്യ - 795<br>2.കുവൈറ്റ് - 24<br>3.യു.എ.ഇ. - 166<br>4.ഒമാൻ - 126<br>5.യു.കെ. - 1<br>**ആകെ - 1112** |
| (സി) റിക്രൂട്ട്മെന്റ് സംബന്ധിച്ച് ഏതെല്ലാം രാജ്യങ്ങളുമായി കരാർ ഒപ്പുവെച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) നേഴ്സിങ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സൗദി അറേബ്യ, കുവൈറ്റ്, യു.എ.ഇ., ഒമാൻ, യു.കെ. എന്നീ രാജ്യങ്ങളിലെ വിദേശ തൊഴിൽ ദാതാക്കളുമായി നിലവിൽ കരാറുകൾ ഒപ്പ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ